# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3375 22.08.2017-ൽ മറുപടിയ്ക്ക്

### <u>പ്രവാസി വകുപ്പ് മുഖേനയുള്ള അപകടമരണ ധനസഹായം</u>

**<u>ചോദ്യം</u>**

ശ്രീ.യു.ആർ. പ്രദീപ്

**<u>മറുപടി</u>**

ശ്രീ.പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ പ്രവാസി വകുപ്പ് മുഖേനയുള്ള അപകടമരണ ധനസഹായം എത്രപേർക്ക് നല്കാനുണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ; ഇതിനായി എത്രകോടി രൂപ അനുവദിച്ച് നല്കിയെന്ന് അറിയിക്കാമോ ;

(ബി) പ്രവാസി വകുപ്പ് മുഖേനയുള്ള അപകടമരണ ധനസഹായം വിതരണം ചെയ്യുന്നതിന് 2016-17 സാമ്പത്തിക വർഷം എത്ര കോടി രൂപ വകയിരുത്തിയിരുന്നു; 2017-18 സാമ്പത്തിക വർഷം എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ട്;

സി) നിലവിൽ എത്ര അപേക്ഷകൾ പ്രവാസി കാര്യവകുപ്പിൽ തീർപ്പ കൽപിക്കാനായിട്ടുണ്ട് ; കഴിവതും വേഗത്തിൽ ഈ അപേക്ഷകളിൽ തീർപ്പ കൽപിച്ച് ധനസഹായം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ; നടപടി സ്വീകരിച്ചുവെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

(എ), (ബി) & (സി) അപകട മരണത്തിന് മാത്രമായി പ്രവാസികാര്യ വകുപ്പ് ധനസഹായം നല്കുന്നില്ല. എന്നാൽ സാന്ത്വന ധനസഹായ പദ്ധതി പ്രകാരം 1,00,000/- രൂപ വരെ മരണാനന്തര ധനസഹായം നല്കി വരുന്നുണ്ട്. കൂടാതെ, കേരളീയ പ്രവാസി കേരളീയ ബോർഡ്, ക്ഷേമ നിധിയിൽ അംഗമായിരിക്കെ അസുഖം മൂലമോ അപകടം മൂലമോ മരണമടയുന്ന പ്രവാസി കേരളീയരായ (വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് 50,000/- രൂപയും വിദേശത്തു നിന്നും തിരിച്ച വന്ന പ്രവാസി കേരളീയനായ (വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് 30,000/- രൂപയും പ്രവാസി കേരളീയനായ (ഭാരതം) അംഗത്തിന്റെ ആശ്രിതർക്ക് 25,000/- രൂപയും കല്പിത അംഗങ്ങളുടെ ആശ്രിതർക്ക് 20,000/- രൂപയും മരണാനന്തര ധനസഹായമായി അനുവദിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ